**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം**

**നം. 2787** **07.12.2018-ൽ മറുപടിയ്ക്ക്**

**<u>നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ</u>**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എം. മുകേഷ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്, വിശദാംശം ലഭ്യമാക്കാമോ? | 2016-17 ബജറ്റ് പ്രസംഗത്തിൽ KIIFB ന്റെ സാമ്പത്തിക സഹായത്തോടെ ജില്ലാ കേന്ദ്രങ്ങളിൽ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ്, കണ്ണൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ സ്ഥലം കണ്ടെത്തുകയും, അതിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലെ സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറി ലഭിക്കുകയും, പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, ഇടുക്കി, മലപ്പുറം എന്നിവിടങ്ങളിൽ ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. മറ്റു ജില്ലകളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രവർത്തികളും പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ